# GOVERNMENT OF KERALA

## Abstract

Health and Family Welfare Department - Implementation of the "Kerala Health System Improvement Programme" (KHSIP) under Health and Family Welfare Department with the assistance of World Bank - Sanction accorded - Orders issued

---

## HEALTH AND FAMILY WELFARE (P) DEPARTMENT

G.O.(Ms)No.51/2025/H&FWD Dated,Thiruvananthapuram, 07-02-2025

---

Read 1) G.O (Ms)No.150/2023/Health dated 01.07.2023

2) G.O (Ms)No.100/2024/Health dated 08.06.2024

3) G.O (Ms)No.117/2024/Health dated 21.06.2024

## ORDER

The State of Kerala has achieved commendable success in public health, particularly in maternal and child health, surpassing SDG 2030 targets. However, the State confronts with new challenges in health care such as a shift towards chronic diseases, a rising burden of non- communicable diseases (NCDs) driven by unhealthy lifestyles, an ageing population, increased vulnerability to disease outbreaks and climate change impacts, stagnant public health funding, and a growing reliance on costly private healthcare. While initiatives like Aardram, Arogya Jagratha, and Karunya Aarogya Suraksha Padhati target to address some of these specific challenges, there is a felt need for strenthening service delivery model to go with the evolving healthcare needs. In parallel, the state faces challenges from pandemic outbreaks, climate change impacts, and increasing accidents which necessitates a comprehensive and resilient health care approach.

Accordingly, transitioning towards a value-based, efficient health system is really the need of the hour, leveraging Kerala's decentralized governance, community engagement, and population literacy to improve care quality, efficiency, and responsiveness to emerging health threats.

2) To address the identified challenges, the Government of Kerala sought World Bank assistance for a health sector reforms program to "improve access to an enhanced range of health services and health system resilience" in Kerala. This program titled Kerala Health System Improvement Program (KHSIP) will works on a Program for Results (PforR) lending instrument to ensure focus on results-based outcomes for achieving the Program Development Objectives (PDO).

3) As part of the procedures, in -principle sanction was accorded for 'Kerala Health Systems Improvement Programme' as per Government Order read as 1st paper above. Based on the same, the State of Kerala submitted a Preliminary Project Report (PPR) on the same to Government of India and the Screening Committee of DEA, Ministry of Finance, Government of India held on 03.11.2023, in turn approved the PPR.

4) The KHSIP adopts Program for Results (PforR) modality wherein it will demonstrate results before disbursement of loan. The Results Matrix and the Disbursement indicator (DLI) under the PforR are identified and finalized in consultation with the World Bank Team and the departments concerned accordingly.

5) The Kerala Health System Improvement Programme is a $400 million initiative, of which $280 million will be provided by the World Bank and the Government of Kerala (GoK) will contribute $120 million to the program, in a span of five years. The project is proposed to be implemented in all 14 districts of Kerala with a project duration of 5 years starting from 2025 to 2030.

6) Subsequent to the approval of the PPR by the Screening Committee, DEA, the World Bank with the concurrence from the Department of Economic Affairs, Government of India have conducted in depth identification and Appraisal Missions through various brainstorming sessions with the various committees formed for the purpose and have prepared the Detailed Project Proposal.

7) The Government having examined the matter in detail are pleased to accord Administrative Approval for the implementation of the 'Kerala Health Systems Improvement Programme (KHSIP)' in a Program for Results (PforR) mode by availing external assistance of $280 million from the world bank. The Additional Chief Secretary (Health) is authorised to represent and finalize the negotiations on behalf of Government of Kerala and is authorised to sign the Program Agreement on behalf of the State of Kerala with World Bank, after having proper consultation with the Finance Department.

8) The project will have a priority focus on providing efficient service to the people below poverty line.

(By order of the Governor)
Dr. Rajan Namdev Khobragade I A S
ADDITIONAL CHIEF SECRETARY

To:
The Director, Department of Economic Affairs, Ministry of Finance, Government of India (With C/L)
The State Mission Director, National Health Mission, Thiruvananthapuram
The Managing Director, Kerala Medical Services Corporation Limited, Thiruvananthapuram
The Director of Medical Education, Thiruvananthapuram

The Director of Health Services, Thiruvananthapuram

The Principal Accountant General, Audit) / (A&E), Kerala, Thiruvananthapuram

The Finance Department (E-2366713):HLT-A1/32/2023-Fin dated 15.06.2023 and 01.01.2025)

The Law Department (Cov V-2/120/2024-LAW dated 24.12.2024)

G.A (SC) Department ( Vide item No.2662 dated 05.02.2025)

Information Officer, Web & New Media

Stock File/ Office copy

Copy to:- PS to Hon'ble Minister for Health, Women and Child Development

PS to Additional Chief Secretary, Health Department

PS to Additional Chief Secretary, Finance Department

Forwarded /By order

Signed by
P. K. Santhosh
Date: 07-02-2025 14:44:06

Section Officer

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-02-2025

ഫയൽ നം. ആരോഗ്യ-പി1/27/2023/ആകുവ. ഇനം നം: 2662

വിഷയം : ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് - ലോകബാങ്ക് സഹായത്തോടെ കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പിലാക്കുന്നതിന് അംഗീകാരം നൽകുന്നതും ലോക ബാങ്കിൽ നിന്നും 280 ദശലക്ഷം ഡോളർ വായ്പ എടുക്കുന്നതിന് അനുമതി നൽകുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം (1) അംഗീകരിച്ചു.

(2). ലോകബാങ്കുമായി ചർച്ച നടത്തുന്നതിനു മുമ്പ് ആരോഗ്യ-കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ധനകാര്യ വകുപ്പുമായി കൂടിയാലോചന നടത്തേണ്ടതാണ് എന്ന ഭേദഗതിയോടെ അംഗീകരിച്ചു.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കാര്യക്ഷമമായ സേവനങ്ങൾ നൽകുന്നതിൽ പദ്ധതി ഊന്നൽ നൽകേണ്ടതാണ്.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

Saradaj

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ-കുടുംബക്ഷേമ വകുപ്പ്.

Received 06.02.25. 3.20 pm

Rijan 6.2.2025

6/2/25

**GOVERNMENT OF KERALA**

**(Sri. PINARAYI VIJAYAN MINISTRY)**

## Note for the Council of Ministers

| | | |
|---|---|---|
| 1. | File No. | Health P1/27/2023/Health |
| 2. | Department | Health & Family Welfare (P) Department |
| 3. | Subject | Implementation of the Kerala Health System Improvement Programme (KHSIP) under the Health and Family Welfare Department, by availing $280 million external assistance from the World Bank in the Program-for-Results (PforR) mode.. |
| 4. | Date of Chief Minister's order for placing before the council | 18.11.2024 |
| 5. | i. Does the case involve financial commitments/implications. | Yes |
| | ii. If the answer to the above is in the affirmative, whether Finance Department been consulted and their remarks incorporated in the Council Note. | Yes |
| 6. | Are any other departments concerned with the case and if so, have been consulted and | Yes |

| | | |
|---|---|---|
| | their remarks incorporated in the Note for the Council? | |
| 7. | Name of Deputy Secretary who submitted the Draft Note | Smt.Madhavikkutty M.S |
| 8. | Name of Additional Chief Secretary who approved the Draft Note | Dr.Rajan Namdev Khobragade |
| 9. | Date of approval of the Draft Note for the Council by the Additional Chief Secretary | 13.01.2025 |
| 10. | Name of Chief Secretary who approved the Draft Note | Smt.Sarada Muraleedharan |
| 11. | Date of approval of the Draft Note for the Council by the Chief Secretary | 27.01.2025 |
| 12 | Name of Minister who approved the Draft Note | Smt.Veena George |
| 13 | Date of approval of the Draft Note for the Council by the Minister | 27.01.2025 |
| 14. | Date of submission of fair copies | 27.01.2025 |
| 15. | Date of decision by the Council of Ministers | 05.02.2025 |
| 16. | Number and date of the G.O/letter communicating the decision | G O (MS) No.51/2025/H&FWD dated 07.02.2025. |

## Note for Council of Ministers

This note is regarding implementation of the Kerala Health System Improvement Programme (KHSIP) under the Health and Family Welfare Department, by availing $280 million (equivalent to ₹2,424.28 crore at an exchange rate of ₹86.57 per dollar as of the current date) external assistance from the World Bank in the Program-for-Results (PforR) mode.

2) The State of Kerala has achieved remarkable success in public health, particularly in maternal and child health, surpassing SDG 2030 targets. However, the state faces new challenges including a shift towards chronic diseases, an ageing population, increased vulnerability to disease outbreaks and climate change impacts, stagnant public health funding, and a growing reliance on costly private healthcare. Kerala grapples with a rising burden of non-communicable diseases (NCDs), driven by unhealthy lifestyles and an ageing population. While initiatives like Aardram, Arogya Jagratha, and Karunya Aarogya Suraksha Padhati aim to address some of these challenges, there is a need for a new service delivery model to match evolving healthcare needs. Moreover, the state faces challenges from disease outbreaks, climate change impacts, and accidents, necessitating a comprehensive, resilient healthcare approach. Transitioning towards a value-based, efficient health system is crucial, leveraging Kerala's decentralized governance, community engagement, and population literacy to improve care quality, efficiency, and responsiveness to emerging health threats.

3) To address the identified challenges, the Government of Kerala has sought World Bank assistance for a health sector reforms program to "improve access to and the quality of an enhanced range of health services and health system resilience" in Kerala. This program titled Kerala Health System Improvement Program (KHSIP) will utilise a Program for Results (PforR) lending instrument to ensure focus on results-based outcomes for achieving the Program Development Objectives (PDO). Accordingly when the file was forwarded to Finance Department for concurrence it was remarked as follows;

" 'Finance' concurs for the implementation of the Project proposal 'Kerala Health Systems Improvement Programme' with total project cost

of Rs.3000 crores(Rs.2100 crore is to be met through external assistance from World Bank and the balance as state share). Administrative Department is also informed that the proposal can be considered for seeking approval of GoI subject to the condition that the project should be accommodated within the overall normal plan allocation of Health Sector for the entire project implementation period as this has to be accommodated within the borrowing ceiling of each year.

This has the approval of Hon'ble Chief Minister and Hon'ble Minister(Finance)''

Based on the concurrence, the Government have accorded in-principle sanction for the Programme vide G.O(Ms)No.150/2023/H&FWD dated 01.07.2023.

4) Based on the said concurrence and in principle sanction, the H&FW Department has submitted a preliminary project proposal of the Project - Kerala Health Systems Improvement Programme to Government of India for World Bank Assistance. The Screening Committee of Department of Economic Affairs, Ministry of Finance, Government of India held on 03.11.2023 has approved the project proposal. The overarching goal of this project is to support the people of Kerala to attain high-quality and longer lives, free of preventable diseases, injury, and premature death. The interventions planned shall be specifically ensuring the coverage of poor people so that they will not get crowded out. It aims to build resilient health systems to deliver value- based healthcare addressing the advanced demographic and epidemiological transition in Kerala. This program will also enhance inter-sectoral collaboration to effectively respond to emerging threats including climate change and enhance the efficiency of the healthcare delivery systems in Kerala. The program also aims to develop a comprehensive ecosystem to prevent and care for NCDs, prevent and respond to emerging health threats by strengthening systems and improved climate change strategies; strengthen emergency and trauma care services by creating a network of 24x7 urgent care facilities including ambulance and trauma registry; and re-engineer health systems to address persisting challenges and new emerging issues and elderly services through local self-government engagement; strengthening human resource; scaling up digital health applications and augmenting resource; and augmenting public financing for health.

5) For the formulation of the Detailed Project Proposal, the Government constituted the Core Committee and the Committee for Thematic Components, with experts from Health Sector, Finance Department, Planning Department etc. In addition to the Thematic Groups, to provide strategic direction for the program and approve annual work plans and budgets, the Programme Steering Committee has been established under G.O. (Ms) No.100/2024/H&FWD dated 08-06-2024, with the Chief Secretary as chairperson. This committee will also facilitate cross-sector collaboration. Furthermore, the Programme Executive Committee and Programme Implementation Units were formed by G.O. (Ms) No. 117/2024/H&FWD dated 21-06-2024 to ensure overall stewardship and promote coordination within the health sector.

6) The Kerala Health System Improvement Programme is a $400 million (equivalent to ₹3,464 crore at an exchange rate of ₹86.57 per dollar as of the current date) initiative, of which $280 million (equivalent to ₹2,424.28 crore at an exchange rate of ₹86.57 per dollar as of the current date) will be provided by the World Bank. The Government of Kerala (GoK) will contribute $120 million (equivalent to ₹1038.87 crore at an exchange rate of ₹86.57 per dollar as of the current date) to the program, which will span five years. The In-principle concurrence accorded by the Finance Department is by converting the USD in Indian Rupees and in which it is concurred that the Programme will be Rs.3000 Crores (Rs.2100 Crores from External Aid and Rs.900 Crores from GoK Budget). The KHSIP, adopts Program for Results (PforR) modality, wherein it will demonstrate results before disbursement of loan. The Department of Health, in consultation with the World Bank team and the State Departments concerned, identified and finalized the Results Matrix and the Disbursement-Linked Indicator (DLI)s under the PforR. The DLI Matrix as agreed by the World Bank as on date is placed as **Annexure 1**. The summary of the program interventions planned by the Department are placed as **Annexure 2.** The Program Appraisal Document (PAD) is placed as **Annexure 3**.

7) Under the PforR financing model, disbursements are made upon achieving specific results during the program. The achievement of DLIs/DLRs is verified by an Independent Verification Agency (IVA), as mandated by the World Bank. In the meeting held on 26/10/2024, the

KHSIP Programme Steering Committee recommended to proceed with a limited tender process with the concurrence of FD for selecting the IVA. Accordingly Kerala Medical Services Corporation Limited (KMSCL) has been entrusted with the preparation of the RFP and conducting the limited tender process on behalf of the Department of Health and Family Welfare.

8) Simultaneously, the draft Loan Agreement between the Government of India and World Bank, and the draft Program Agreement between the Government of Kerala and World Bank,, forwarded by the World Bank, were sent to the Finance and Law Departments for scrutiny and vetting.

9) The Finance Department remarked as follows.

''With respect to financial aspects , AD is requested to consider the following suggestions

(i) Possibility of opting advance mode may be exploited

(ii) Moratorium not less than 5 years may be selected. Choosing of Moratorium period shall be done taking into account the interest rate change.

(iii) Tenure may be fixed not less than 25 years

(iv) Variable interest rate may be agreed to factoring in the elevated rates across the globe that might moderate in the future. However the fixed spread over the reference rate may be minimized to the possible extent through negotiation. RoI allowed to other States recently may be examined in this direction.

(v) AD may make sure that the deliverable targets would be achieved within the time limits.

(vi) Since this borrowing will be permitted within the States annual borrowing ceiling and State has to bear additional financial commitment on account of State share of 30% as per the shared funding pattern, a clear cut strategy should be worked out to accommodate this expenditure within the possible budget resources during the course of implementation of the project by curtailing other spending before taking a decision on the matter.

(vii) Remarks of Law department shall be obtained and considered on the agreements prior to its approval''.

10) The Law Department remarked as follows.

(i) വിദേശരാജ്യങ്ങളിൽ നിന്നുള്ള ബാഹ്യ വികസന സഹായം (External Developmental Assistance) സ്വീകരിക്കുന്നത് കേന്ദ്ര ധനകാര്യ മന്ത്രാലയത്തിൻ കീഴിലുള്ള Department of Economic Affairs പുറപ്പെടുവിച്ചിട്ടുള്ള Bilateral Development Assistance - A Hand book on systems and Processes regarding Bilateral Development Assistance - ലെ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കിയാണ്. പ്രസ്തുത കൈപുസ്തകത്തിൽ, 1961 - ലെ Government of India (Allocation of Business) Rules പ്രകാരം വിദേശ രാജ്യങ്ങളിൽ നിന്നുള്ള ലോൺ, ക്രെഡിറ്റ്, ഗ്രാന്റ്, ടെക്നിക്കൽ ആന്റ് ഇക്കണോമിക് അസിസ്റ്റൻസ് എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിൽ കീഴിലുള്ള Department of Economic Affairs (DEA) നോഡൽ വകുപ്പായി പ്രവർത്തിക്കുമെന്നും ആയത് പ്രകാരം സംസ്ഥാന സർക്കാരുകൾ ബാഹ്യ വികസന സഹായം സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ പ്രൊപ്പോസലുകളും Department of Economic Affairs വഴി മാത്രമേ നൽകാവൂ എന്നും ബാഹ്യ സഹായത്തോടെ നടപ്പിലാക്കുന്ന കേന്ദ്ര മന്ത്രാലയങ്ങളുടെയോ സംസ്ഥാന സർക്കാരുകളുടെയോ എല്ലാ ഗവൺമെന്റ് പ്രോജക്ടുകളും കേന്ദ്ര സർക്കാരിനുവേണ്ടി ലോൺ / ഫിനാൻസിംഗ് എഗ്രിമെന്റിൽ ഒപ്പ് വയ്ക്കുന്നത് Department of Economic Affairs ആയിരിക്കും എന്നും പ്രസ്തുത വിഷയം സംബന്ധിച്ച കരാറുകളുടെ സൂക്ഷ്മപരിശോധന Department of Legal Affairs നടത്തുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ കരട് കരാറുകൾ മുഖേന വിഭാവനം ചെയ്യുന്ന പദ്ധതിയ്ക്ക് Bilateral Development Assistance - A Hand book on systems and Processes -ലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ ഭരണ വകുപ്പിന് സ്വീകരിക്കാവുന്നതാണ് .

(ii) വിദേശ രാജ്യങ്ങളുമായോ, വിദേശ രാജ്യത്തെ ഏജൻസികളുമായോ ഏർപ്പെടുന്ന കരാർ/ധാരണാപത്രം/ഉടമ്പടി എന്നിവ സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ വിദേശകാര്യമന്ത്രാലയം 02.04.2018 തീയതിയിൽ 312/AS(MD)/17 നമ്പരായി പുറപ്പെടുവിച്ചിട്ടുള്ള Revised Standard Operating Procedure (SOPs) പ്രകാരം International Law/International Agreement ന്റെ പരിധിയിൽ വരുന്ന എഗ്രിമെന്റുകൾ കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ കീഴിലുള്ള Legal and Treaties Division ആണ് പരിശോധിച്ച് അനുമതി നൽകേണ്ടത്. ആയതിനാൽ പ്രസ്തുത SOP -ലെ ഖണ്ഡം "D" - പ്രകാരം International Treaty making activities-ന്റെ പൂർണ്ണ ചുമതല Ministry of External Affairs-നാണെന്ന് കാണുന്നു.

ആയതിനാൽ, കരട് കരാറുകളുടെ ഉള്ളടക്കത്തിന്റെ വിശദാംശങ്ങളുടെ കൃത്യത ഭരണവകുപ്പ് പരിശോധിച്ച് തങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമാണോയെന്ന് ഉറപ്പ് വരുത്തിയ ശേഷം Ministry of External Affairs-ന്റെ Revised Standard Operating Procedure(SoP), Department of Economic Affairs-ന്റെ Handbook on System Processes

regarding Bilateral Development Assistance എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചും കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെയും Department of Economic Affairs (DEA)-ന്റെ അനുമതിക്ക് വിധേയമായും നടപ്പിലാക്കാവുന്നതാണെന്നു ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ് .

11) On examining the remarks of the Finance Department, it is observed that suggestions (i) to (iv) pertain directly to the Loan Agreement and are to be addressed during the negotiation stage. Suggestions (v) and (vi) require detailed deliberations at the Health Department level, in consultation with the Finance and related departments, in the next planning year. Regarding the remarks from the Law Department, no objections have been raised concerning the Loan Agreement or Program Agreement. They have noted that the Revised Standard Operating Procedure (SoP) of Ministry of External Affairs and the Handbook on Systems; Processes regarding Bilateral Development Assistance of the Department of Economic Affairs (DEA) must be adhered to, with approval from the External Affairs Department and the Department of Economic Affairs (DEA) of the Government of India.

12) The draft Loan Agreement between the Government of India and World Bank, and the draft Program Agreement between the Government of Kerala and World Bank are placed as **Annexure 4** and **Annexure 5** respectively.

13) In order to ensure successful implementation of the program the following will be the broad principles for the implementation

a. The focus shall be on Below Poverty Line people to provide efficient services.

b. The Department should be given the 1st year program budget quarterly in advance to enable to achieve first year results thereby ensuring timely reimbursement from the World Bank and thereafter through the reimbursed loan amount subsequent years' budget shall be ensured.

14) The Hon'ble Chief Minister has ordered to place the matter of according sanction for the implementation of the project by availing external aid of $280 million from the World Bank, before the Council of Ministers.

## **Points for Decision**

1) Whether approval may be given for the implementation of the Kerala Health System Improvement Programme (KHSIP) in a Program for Results (PforR) mode by availing external assistance of $280 million from the World Bank ?

2) If so approved, whether the ACS (Health & FWD) may be authorised to represent and finalize the negotiations on behalf of Government of Kerala, for the proposed Kerala Health System Improvement Programme (KHSIP) and whether he be authorized to sign the Program Agreement on behalf of the State of Kerala with the World Bank for this purpose?

## കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നം. | : | ആരോഗ്യ-പി1/27 /2023/ആകുവ |
| 2 | വകുപ്പ് | : | ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ് |
| 3 | വിഷയം | : | ലോകബാങ്ക് സഹായത്തോടെ കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പിലാക്കുന്നതിന് അംഗീകാരം നൽകുന്നതും ലോക ബാങ്കിൽ നിന്നും 280 ദശ ലക്ഷം ഡോളർ വായ്പ എടുക്കുന്നതിന് അനുമതി നൽകുന്നതും - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 18.11.2024 |
| 5 | i. ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | ii. സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ | : | ഉണ്ട് |

| | | | |
|---|---|---|---|
| | അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീമതി.മാധവിക്കുട്ടി.എം.എസ് |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.രാജൻ നാംദേവ് ഖോബ്രഗഡേ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13.01.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി ശാരദാ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 27.01.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | | ശ്രീമതി.വീണ ജോർജ്ജ് |
| 13 | കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | | 27.01.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 27.01.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | 05.02.2025 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | സ.ഉ(കൈ) നം. 51/2025/ആ.കു.വ തീയതി 07.02.2025. |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ആരോഗ്യ-കുടുംബക്ഷേമ വകുപ്പിന് കീഴിൽ ലോകബാങ്ക് സഹായത്തോടെ കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പിലാക്കുന്നതിന് അംഗീകാരം നൽകുന്നതും ലോക ബാങ്കിൽ നിന്നും 280 ദശ ലക്ഷം ഡോളർ (ഇന്നത്തെ വിനിമയ നിരക്കായ 86.57 രൂപ ക്രമത്തിൽ 2424.28 കോടി രൂപ മാത്രം) വായ്പ എടുക്കുന്നതിന് അനുമതി നൽകുന്നതും സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ പ്രതിപാദ്യ വിഷയം.

2) കേരള സംസ്ഥാനം പൊതുജനാരോഗ്യത്തിൽ, പ്രത്യേകിച്ച് മാതൃ-ശിശു ആരോഗ്യത്തിൽ, 2030 ലേക്കുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങളെ മറികടന്ന് ശ്രദ്ധേയമായ വിജയം കൈവരിച്ചിട്ടുണ്ട്. എന്നിരുന്നാലും, വിട്ടുമാറാത്ത രോഗങ്ങളിലേക്കുള്ള മാറ്റം, പ്രായമേറിക്കൊണ്ടിരിക്കുന്ന ജന സമൂഹം, രോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്നതിനും കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതങ്ങൾക്ക് വിധേയമാകുന്നതിനുമുള്ള വർധിച്ച സാധ്യത, പൊതുജനാരോഗ്യ മേഖലയിലെ ഫണ്ടിംഗിന്റെ അപര്യാപ്തത, ആരോഗ്യ സംരക്ഷണത്തിനായി ചെലവേറിയ സ്വകാര്യ മേഖലയെ അമിതമായി ആശ്രയിക്കൽ എന്നിവ ഉൾപ്പെടെയുള്ള പുതിയ വെല്ലുവിളികൾ സംസ്ഥാനം അഭിമുഖീകരിക്കുന്നു. അനാരോഗ്യകരമായ ജീവിതശൈലിയും വയോജനങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും മൂലമുള്ള സാംക്രമികേതര രോഗങ്ങളുടെ (എൻസിഡി) വർദ്ധനവും കേരളത്തിന് അമിത ഭാരം സൃഷ്ടിക്കുന്നു. ആർദ്രം, ആരോഗ്യ ജാഗ്രത, കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി തുടങ്ങിയ സംരംഭങ്ങൾ ഈ വെല്ലുവിളികളിൽ ചിലത് പരിഹരിക്കാൻ ലക്ഷ്യമിടുന്നുണ്ടെങ്കിലും, ആരോഗ്യ സംരക്ഷണ രംഗത്തെ മേൽപ്പറഞ്ഞ പുതിയ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിന് ഒരു പുതിയ സേവന വിതരണ മാതൃകയുടെ ആവശ്യകതയുണ്ട്. മാത്രമല്ല, പെട്ടെന്നുള്ള രോഗം പൊട്ടിപ്പുറപ്പെടൽ, കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ, വിവിധ തരത്തിലുള്ള അപകടങ്ങൾ എന്നിവയിൽ നിന്നുള്ള വെല്ലുവിളികൾ സംസ്ഥാനം അഭിമുഖീകരിക്കുന്ന സാഹചര്യത്തിൽ സമഗ്രവും പ്രതിരോധത്തിൽ അധിഷ്ഠിതവുമായ ഒരു ആരോഗ്യ സംരക്ഷണ സമീപനം ആവശ്യമാണ്. കേരളത്തിന്റെ വികേന്ദ്രീകൃത ഭരണം, സാമൂഹിക പങ്കാളിത്തം/ഇടപെടലുകൾ, ജനസംഖ്യാ സാക്ഷരത എന്നിവ പ്രയോജനപ്പെടുത്തി, ആരോഗ്യ പരിചരണത്തിന്റെ ഗുണനിലവാരം, കാര്യക്ഷമത, പ്രതികരണശേഷി എന്നിവ മെച്ചപ്പെടുത്തുന്നതിന് മൂല്യാധിഷ്ഠിതവും കാര്യക്ഷമവുമായ ആരോഗ്യ സംവിധാനത്തിലേക്കുള്ള മാറ്റം നിർണായകമാണ്.

3) ഇതിനകം തിരിച്ചറിഞ്ഞ വെല്ലുവിളികളെ നേരിടാനും കേരളത്തിലെ ആരോഗ്യ പരിഷ്കരണ പദ്ധതികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും

പൊതുജനാരോഗ്യ സംവിധാനത്തിന്റെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടി പൊതുജനാരോഗ്യ മേഖലയിലെ സമഗ്രമായ പരിഷ്കരണ പരിപാടിക്കായി കേരള സർക്കാർ ലോകബാങ്ക് സഹായം തേടിയിട്ടുണ്ട്. പദ്ധതി പ്രകാരമുള്ള വിഭാവനം ചെയ്യപ്പെട്ട അന്തിമ ഫലങ്ങളിൽ ഊന്നിയുള്ള പ്രോഗ്രാം ഡെവലപ്‌മെൻ്റ് ഒബ്ജക്റ്റീവ്സ് (പിഡിഒ) കൈവരിക്കുന്നതിനായി പ്രോഗ്രാം ഫോർ റിസൽറ്റ് (PfR) എന്ന മാതൃകയിലാണ് കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെൻ്റ് പ്രോഗ്രാം (കെഎച്ച്എസ്ഐപി) നടപ്പിലാക്കുന്നത്. പ്രാരംഭ പദ്ധതി നിർദ്ദേശം അംഗീകാരത്തിനായി ധനവകുപ്പിന് സമർപ്പിച്ചപ്പോൾ ടി വകുപ്പ് ചുവടെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി,

‘Finance’ concurs for the implementation of the Project proposal 'Kerala Health Systems Improvement Programme' with total project cost of Rs.3000 crores (Rs.2100 crore is to be met through external assistance from World Bank and the balance as state share). Administrative Department is also informed that the proposal can be considered for seeking approval of GoI subject to the condition that the project should be accommodated within the overall normal plan allocation of Health Sector for the entire project implementation period as this has to be accommodated within the borrowing ceiling of each year.

This has the approval of Hon’ble Chief Minister and Hon’ble Minister (Finance)

അതനുസരിച്ച്, 01.07.2023 തീയതിയിലെ G.O(Ms)No.150/2023/H&FWD പ്രകാരം പ്രോഗ്രാമിന് തത്വത്തിൽ അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

4) പ്രസ്തുത അനുമതിയുടെ അടിസ്ഥാനത്തിൽ, ലോകബാങ്ക് സഹായത്തിനായി സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് 'കേരള ഹെൽത്ത് സിസ്റ്റംസ് ഇംപ്രൂവ്മെൻ്റ് പ്രോഗ്രാമിന്റെ' പ്രാഥമിക പദ്ധതി നിർദ്ദേശം ഇന്ത്യാ ഗവൺമെന്റിന് സമർപ്പിച്ചു. കേന്ദ്ര സർക്കാരിന്റെ ധനകാര്യ മന്ത്രാലയത്തിനുകീഴിലുള്ള സാമ്പത്തികകാര്യ വകുപ്പിന്റെ സ്ക്രീനിംഗ് കമ്മിറ്റിയുടെ 03.11.2023 ലെ യോഗത്തിൽ പ്രസ്തുത പദ്ധതി ശിപാർശ അംഗീകരിച്ചു. ഉയർന്ന ജീവിത നിലവാരം, ആയുർദൈർഘ്യം എന്നിവ ഉറപ്പ് വരുത്തുന്നതിനും, തടയാവുന്ന രോഗങ്ങൾ, അപകടങ്ങൾ, അകാല മരണം എന്നിവയിൽ നിന്ന് മുക്തമായ ജീവിതം കെട്ടിപ്പെടുക്കുന്നതിനും കേരളത്തിലെ ജനതയെ സഹായിക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. പ്രസ്തുത പദ്ധതിയിലെ എല്ലാ ഇടപെടലുകളും പാവപ്പെട്ടവരുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതുമായിരിക്കും. കേരളത്തിലെ മാറിവരുന്ന ജനസംഖ്യാശാസ്ത്രപരവും പകർച്ചാവ്യാധിപരവുമായ അവസ്ഥകളെ അഭിസംബോധന ചെയ്തുകൊണ്ട് മൂല്യാധിഷ്ഠിത ആരോഗ്യ സംരക്ഷണം നൽകുന്നതിന് പ്രതിരോധശേഷിയുള്ള ആരോഗ്യ സംവിധാനങ്ങൾ രൂപപ്പെടുത്താനാണ് പദ്ധതി വഴി ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ വിവിധ

വകുപ്പുകളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെ ഉയർന്നുവരുന്ന ഭീഷണികളോട് ഫലപ്രദമായി പ്രതികരിക്കുന്നതിനും കേരളത്തിലെ ആരോഗ്യ വിതരണ സംവിധാനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പദ്ധതി സഹായിക്കും. പകർച്ചേതര വ്യാധികൾ തടയുന്നതിനായി സമഗ്രമായ ഒരു ആവാസവ്യവസ്ഥ വികസിപ്പിക്കുക, സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിലൂടെയും കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച മെച്ചപ്പെട്ട സമീപനങ്ങളിലൂടെയും ഉയർന്നുവരുന്ന ആരോഗ്യ ഭീഷണികളെ ചെറുക്കുകയും ക്രിയാത്മകമായി പ്രതികരിക്കുകയും ചെയ്യുക, ആംബുലൻസും ട്രോമ രജിസ്ട്രിയും ഉൾപ്പെടെ 24x7 അടിയന്തര പരിചരണ സൗകര്യങ്ങളുടെ കാര്യക്ഷമമായ ഒരു ശൃംഖല സൃഷ്ടിച്ചുകൊണ്ട് എമർജൻസി, ട്രോമ കെയർ സേവനങ്ങൾ ശക്തിപ്പെടുത്തുക; കൂടാതെ വയോജന സേവനങ്ങളിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും കൂടി ഇടപെടൽ മുഖേന, നിലനിൽക്കുന്ന വെല്ലുവിളികളും ഉയർന്നു വരുന്ന പുതിയ പ്രശ്നങ്ങളും പരിഹരിക്കുന്നതിനായി ആരോഗ്യ സംവിധാനങ്ങൾ പുനരാവിഷ്കരിക്കുക, മനുഷ്യവിഭവശേഷി ശക്തിപ്പെടുത്തുക; വിഭവശേഷി വർദ്ധിപ്പിക്കുക; ഡിജിറ്റൽ ഹെൽത്ത് ആപ്ലിക്കേഷനുകൾ സാർവ്വത്രികമാക്കുകയും ആരോഗ്യത്തിനായി പൊതു ധനസഹായം വർദ്ധിപ്പിക്കുകയും ചെയ്യുക തുടങ്ങിയവയാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

5) വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനായി സർക്കാർ, ആരോഗ്യ മേഖലയിലെയും ധനകാര്യ, പ്ലാനിംഗ് അടക്കമുള്ള വകുപ്പുകളിലെ പ്രധാന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു കോർ കമ്മിറ്റിയും തീമാറ്റിക് ഘടകങ്ങൾക്കായുള്ള കമ്മിറ്റിയും രൂപീകരിച്ചു. തീമാറ്റിക് ഗ്രൂപ്പുകൾക്ക് പുറമേ, പദ്ധതിയ്ക്ക് പ്രത്യേക ദിശാബോധം നൽകുന്നതിനും വാർഷിക പ്രവർത്തന പദ്ധതികൾക്കും ബജറ്റുകൾക്കും അംഗീകാരം നൽകുന്നതിനും, 08-06-2024 തീയതിയിലെ G.O.(Ms)No.100/2024/H&FWD പ്രകാരം ചീഫ് സെക്രട്ടറി ചെയർപേഴ്സണായി പ്രോഗ്രാം സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചു. ഈ കമ്മിറ്റി വിവിധ വകുപ്പുകളുടെ സഹകരണവും ഏകോപനവും ഈ പദ്ധതിയ്ക്ക് ഉറപ്പാക്കും. കൂടാതെ, പദ്ധതിയ്ക്കായി ആരോഗ്യ മേഖലയിലെ മൊത്തത്തിലുള്ള മേൽനോട്ടവും ഏകോപനവും ഉറപ്പാക്കുന്നതിനുമായി 21-06-2024-ലെ G.O. (Ms) No.117/2024/H&FWD പ്രകാരം പ്രോഗ്രാം എക്സിക്യൂട്ടീവ് കമ്മിറ്റിയും പ്രോഗ്രാം ഇംപ്ലിമെൻ്റേഷൻ യൂണിറ്റുകളും രൂപീകരിച്ചിട്ടുണ്ട്.

6) കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെൻ്റ് പ്രോഗ്രാം 400 മില്യൺ ഡോളറിൻ്റെ (ഇന്നത്തെ വിനിമയ നിരക്കായ 86.57 രൂപ ക്രമത്തിൽ 3,464 കോടി രൂപ മാത്രം) സംരംഭമാണ്, അതിൽ 280 മില്യൺ ഡോളർ (ഇന്നത്തെ വിനിമയ നിരക്കായ 86.57 രൂപ ക്രമത്തിൽ 2424.28 കോടി രൂപ മാത്രം) ലോകബാങ്ക് വായ്പ നൽകും. അഞ്ച് വർഷം നീണ്ടുനിൽക്കുന്ന പദ്ധതിയ്ക്കായി കേരള സർക്കാർ (GoK) 120 ദശലക്ഷം ഡോളർ (ഇന്നത്തെ

വിനിമയ നിരക്കായ 86.57 രൂപ ക്രമത്തിൽ 1,038.87 കോടി രൂപ മാത്രം) വകയിരുത്തേണ്ടതുണ്ട്. ധനകാര്യ വകുപ്പ് പദ്ധതിയ്ക്ക് തത്വത്തിൽ നൽകിയ അംഗീകാരം അമേരിക്കൻ ഡോളർ ഇന്ത്യൻ രൂപയായി പരിവർത്തനം ചെയ്തുകൊണ്ടുള്ളതാണ്. അതനുസരിച്ച് പ്രോഗ്രാം ആകെ 3000 കോടി രൂപയുടേത് (വിദേശ വായ്പ 2100 കോടി രൂപയും കേരള ബജറ്റിൽ നിന്ന് 900 കോടി രൂപയും) ആയിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രോഗ്രാം ഫോർ റിസൾട്ട് (PforR) മാതൃകയിൽ നടപ്പിലാക്കുന്ന KHSIP എന്ന പദ്ധതി ഓരോ വർഷവും ലോൺ തുക അനുവദിക്കുന്നതിനുമുമ്പായി ആ വർഷത്തെ പ്രവർത്തന ഫലം വെളിപ്പെടുത്തുന്നതാണ്. ലോകബാങ്ക് ടീമുമായും ബന്ധപ്പെട്ട സംസ്ഥാന വകുപ്പുകളുമായും കൂടിയാലോചിച്ച്, PforR-ന് കീഴിലുള്ള റിസൾട്ട് മെട്രിക്സും ഡിസ്ബേഴ്സ്മെൻ്റ്-ലിങ്ക്ഡ് ഇൻഡിക്കേറ്ററും (DLI) സംസ്ഥാന ആരോഗ്യ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ലോകബാങ്ക് അംഗീകരിച്ച DLI മാട്രിക്സ്, അനുബന്ധം 1 ആയി ചേർക്കുന്നു. പദ്ധതി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഇടപെടലുകളുടെ ഒരു സംക്ഷിപ്തം അനുബന്ധം 2 ആയും പ്രോഗ്രാം അപ്രൈസൽ ഡോക്കുമെന്റ് (PAD) അനുബന്ധം 3 ആയും ചേർക്കുന്നു.

7) പ്രോഗ്രാമിൽ കൈവരിക്കുന്ന ഡിസ്ബേഴ്സ്മെൻ്റ് ലിങ്ക്ഡ് ഇൻഡിക്കേറ്ററുകളുടെയും (ഡിഎൽഐ) ഡിസ്ബേഴ്സ്മെൻ്റ് ലിങ്ക്ഡ് റിസൾട്ടുകളുടെയും (ഡിഎൽആർ) നേട്ടത്തെ അടിസ്ഥാനമാക്കിയാണ് PforR ധനസഹായം. DLI-കൾ/DLR-കൾ നിർദ്ദിഷ്ട ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ ഇല്ലയോ എന്ന് നിർണ്ണയിക്കുന്നത് ലോകബാങ്ക് മാനദണ്ഡപ്രകാരമുള്ള ഒരു സ്വതന്ത്ര വെരിഫിക്കേഷൻ ഏജൻസി (IVA) ആണ്. KHSIP- പ്രോഗ്രാം സ്റ്റിയറിംഗ് കമ്മിറ്റിയുടെ 26/10/2024-ന് നടന്ന യോഗം, ഒരു സ്വതന്ത്ര വെരിഫിക്കേഷൻ ഏജൻസിയെ (IVA) തെരഞ്ഞെടുക്കുന്നതിനായി ധനകാര്യവകുപ്പിന്റെ അനുമതിയോടുകൂടി ലിമിറ്റഡ് ടെണ്ടർ ക്ഷണിക്കാൻ ശിപാർശ ചെയ്തു. തുടർന്ന് ഐവിഎയ്ക്കായി RFP തയ്യാറാക്കുന്നതിനും ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് വേണ്ടി ലിമിറ്റഡ് ടെൻഡർ നടപടികൾ നടത്തുന്നതിനുമുള്ള ചുമതല കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ (കെഎംഎസ്സിഎൽ) ഏൽപ്പിക്കുകയും ചെയ്തു.

8) സമാന്തരമായി, ഇന്ത്യാ സർക്കാരും ലോകബാങ്കുമായി ഒപ്പുവയ്ക്കേണ്ട കരട് ലോൺ ഉടമ്പടിയും, കേരള സർക്കാരും ലോകബാങ്കും തമ്മിൽ ഒപ്പുവയ്ക്കേണ്ട കരട് പ്രോഗ്രാം ഉടമ്പടിയും സൂക്ഷ്മപരിശോധനയ്ക്കും അഭിപ്രായത്തിനുമായി ധനകാര്യ വകുപ്പിനും നിയമ വകുപ്പിനും കൈമാറിയിരുന്നു.

9) ടി വിഷയത്തിൽ ധനകാര്യ വകുപ്പ് ചുവടെപ്പറയും പ്രകാരം അഭിപ്പായപ്പെടുകയുണ്ടായി

'' With respect to financial aspects , AD is requested to consider the following suggestions

(i) Possibility of opting advance mode may be exploited
(ii) Moratorium not less than 5 years may be selected. Choosing of Moratorium period shall be done taking into account the interest rate change.
(iii) Tenure may be fixed not less than 25 years
(iv) Variable interest rate may be agreed to factoring in the elevated rates across the globe that might moderate in the future. However the fixed spread over the reference rate may be minimized to the possible extent through negotiation. RoI allowed to other States recently may be examined in this direction.
(v) AD may make sure that the deliverable targets would be achieved within the time limits.
(vi) Since this borrowing will be permitted within the State's annual borrowing ceiling and State has to bear additional financial commitment on account of State share of 30% as per the shared funding pattern, a clear cut strategy should be worked out to accommodate this expenditure within the possible budget resources during the course of implementation of the project by curtailing other spending before taking a decision on the matter.
(vii) Remarks of Law department shall be obtained and considered on the agreements prior to its approval''.

10) ടി വിഷയത്തിൽ നിയമവകുപ്പ് ചുവടെപ്പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി;

(i) വിദേശരാജ്യങ്ങളിൽ നിന്നുള്ള ബാഹ്യ വികസന സഹായം (External Developmental Assistance) സ്വീകരിക്കുന്നത് കേന്ദ്ര ധനകാര്യ മന്ത്രാലയത്തിൻ കീഴിലുള്ള Department of Economic Affairs പുറപ്പെടുവിച്ചിട്ടുള്ള "Bilateral Development Assistance - A Hand book on systems and Processes regarding Bilateral Development Assistance" - ലെ മാർഗ്ഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കിയാണ്. പ്രസ്തുത കൈപുസ്തകത്തിൽ, 1961 - ലെ Government of India (Allocation of Business) Rules പ്രകാരം വിദേശ രാജ്യങ്ങളിൽ നിന്നുള്ള ലോൺ, ക്രെഡിറ്റ്, ഗ്രാന്റ്, ടെക്നിക്കൽ ആന്റ് ഇക്കണോമിക് അസിസ്റ്റൻസ് എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിൽ കീഴിലുള്ള Economic Affairs (DEA) നോഡൽ വകുപ്പായി പ്രവർത്തിക്കുമെന്നും ആയത് പ്രകാരം സംസ്ഥാന സർക്കാരുകൾ ബാഹ്യ വികസന സഹായം സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ പ്രൊപ്പോസലുകളും Department of Economic Affairs വഴി മാത്രമേ നൽകാവൂ എന്നും ബാഹ്യ സഹായത്തോടെ നടപ്പിലാക്കുന്ന കേന്ദ്ര മന്ത്രാലയങ്ങളുടെയോ സംസ്ഥാന സർക്കാരുകളുടെയോ എല്ലാ ഗവൺമെന്റ് പ്രോജക്റ്റുകളും കേന്ദ്ര സർക്കാരിനുവേണ്ടി ലോൺ / ഫിനാൻസിംഗ് എഗ്രിമെന്റിൽ ഒപ്പ് വയ്ക്കുന്നത് Department of Economic Affairs ആയിരിക്കും എന്നും പ്രസ്തുത വിഷയം സംബന്ധിച്ച കരാറുകളുടെ

സൂക്ഷ്മപരിശോധന Department of Legal Affairs നടത്തുമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ കരട് കരാറുകൾ മുഖേന വിഭാവനം ചെയ്യുന്ന പദ്ധതിയ്ക്ക് "Bilateral Development Assistance - A Hand book on systems and Processes"- -ലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ ഭരണ വകുപ്പിന് സ്വീകരിക്കാവുന്നതാണ് .

(ii) വിദേശ രാജ്യങ്ങളുമായോ, വിദേശ രാജ്യത്തെ ഏജൻസികളുമായോ ഏർപ്പെടുന്ന കരാർ/ധാരണാപത്രം/ഉടമ്പടി എന്നിവ സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ വിദേശകാര്യമന്ത്രാലയം 02.04.2018 തീയതിയിൽ 312/AS(MD)/17 നമ്പരായി പുറപ്പെടുവിച്ചിട്ടുള്ള Revised Standard Operating Procedure (SOPs) പ്രകാരം International Law/International Agreement ന്റെ പരിധിയിൽ വരുന്ന എഗ്രിമെന്റുകൾ കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ കീഴിലുള്ള Legal and Treaties Division ആണ് പരിശോധിച്ച് അനുമതി നൽകേണ്ടത്. ആയതിനാൽ പ്രസ്തുത SOP -ലെ ഖണ്ഡം "D”-പ്രകാരം International Treaty making activities-ന്റെ പൂർണ്ണ ചുമതല Ministry of External Affairs-നാണെന്ന് കാണുന്നു.

ആയതിനാൽ, കരട് കരാറുകളുടെ ഉള്ളടക്കത്തിന്റെ വിശദാംശങ്ങളുടെ കൃത്യത ഭരണവകുപ്പ് പരിശോധിച്ച് തങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമാണോയെന്ന് ഉറപ്പ് വരുത്തിയ ശേഷം Ministry of External Affairs-ന്റെ Revised Standard Operating Procedure(SoP), Department of Economic Affairs-ന്റെ "Handbook on System & Processes regarding Bilateral Development Assistance" എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചും കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെയും Department of Economic Affairs (DEA)-ന്റെ അനുമതിക്ക് വിധേയമായും നടപ്പിലാക്കാവുന്നതാണെന്ന ഭരണവകുപ്പിനെ അറിയിക്കാവുന്നതാണ് .

11) ധനകാര്യ വകുപ്പിന്റെ അഭിപ്രായം പരിശോധിക്കുമ്പോൾ (i) മുതൽ (iv) വരെയുള്ള നിർദ്ദേശങ്ങൾ ലോൺ ഉടമ്പടിയുമായി നേരിട്ട് ബന്ധപ്പെട്ടവയാണ് എന്നും ടി നിർദ്ദേശങ്ങൾ Negotiation Statge - ൽ പരിഗണിക്കപ്പെടേണ്ടവയാണെന്നും കാണുന്നു. (v), (vi) നിർദ്ദേശങ്ങൾ ആരോഗ്യ വകുപ്പിനുള്ളിലും ധനകാര്യ വകുപ്പ്, പ്ലാനിംഗ് ബോർഡ്, തുടങ്ങിയവയുമായും അടുത്ത പദ്ധതി വർഷത്തിൽ വിശദമായ ചർച്ച നടത്തി പരിഗണിക്കേണ്ടവയാണെന്ന് കാണുന്നു. നിയമ വകുപ്പ് ലോൺ ഉടമ്പടിയിലോ പ്രോഗ്രാം ഉടമ്പടിയിലോ എതിർപ്പുകളൊന്നും രേഖപ്പെടുത്തിയിട്ടില്ല. കേന്ദ്ര വിദേശ കാര്യ മന്ത്രാലയത്തിന്റെ പുതുക്കിയ Standard Operating Procedure (SOP) -ഉം സാമ്പത്തിക കാര്യ വകുപ്പിന്റെ “Handbook on Systems and Processess regarding Bilateral Development Assistance” ലെ വ്യവസ്ഥകളും നിർബന്ധമായും പാലിക്കണമെന്നും കേന്ദ്ര വിദേശ കാര്യ മന്ത്രാലയത്തിന്റെയും

സാമ്പത്തിക കാര്യ വകുപ്പിന്റെ (DEA)യും അംഗീകാരം ഉറപ്പാക്കണമെന്നും ടി വകുപ്പ് അറിയിച്ചിട്ടുണ്ട്.

12) ഇന്ത്യാ സർക്കാരും ലോകബാങ്കുമായി ഒപ്പുവയ്ക്കേണ്ട കരട് ലോൺ ഉടമ്പടി അനുബന്ധം 4 ആയും , കേരള സർക്കാരും ലോകബാങ്കും തമ്മിൽ ഒപ്പുവയ്ക്കേണ്ട കരട് പ്രോഗ്രാം ഉടമ്പടി അനുബന്ധം 5 ആയും ഉള്ളടക്കം ചെയ്തിരിക്കുന്നു.

13) പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി, ചുവടെപ്പറയുന്ന തത്വങ്ങൾ ഉറപ്പാക്കാവുന്നതാണ്:

a. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കാര്യക്ഷമമായ സേവനങ്ങൾ നൽകുന്നതിൽ പദ്ധതി ഊന്നൽ നൽകേണ്ടതാണ്.

b. ഒന്നാം വർഷ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും അതുവഴി ലോക ബാങ്കിൽ നിന്ന് സമയബന്ധിതമായ പ്രതിപൂരണം ഉറപ്പുവരുത്തുന്നതിനുമായി ആദ്യ വർഷത്തെ പ്രോഗ്രാം ബജറ്റ് പാദാനുസൃതമായി മുൻകൂറായി വകുപ്പിന് അനുവദിക്കേണ്ടതും തുടർന്നുള്ള വർഷങ്ങളിലെ ബജറ്റ് വിഹിതം ലോകബാങ്കിന്റെ പ്രതിപൂരണത്തിന് അനുസൃതമായി ഉറപ്പു വരുത്തേണ്ടതുമാണ്.

14 ) മേൽ പദ്ധതി നടപ്പിലാക്കുന്നതിനും പ്രോഗ്രാം കരാർ അംഗീകരിച്ച് വായ്പ സ്വീകരിക്കുന്നതിനുമുള്ള അനുമതി സംബന്ധിച്ച വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## <u>തീരുമാനിക്കേണ്ട വിഷയം</u>

1) ലോക ബാങ്കിൽ നിന്നും 280 ദശ ലക്ഷം ഡോളർ വായ്പ സ്വീകരിച്ചുകൊണ്ട് P for R (Programme for Result) മാതൃകയിൽ കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പിലാക്കുന്നതിന് അംഗീകാരം നൽകാമോ ?

2) അപ്രകാരം അംഗീകാരം നൽകുകയാണെങ്കിൽ നിർദിഷ്ട കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെൻറ് പ്രോഗ്രാമിനായി (KHSIP) കേരള സർക്കാരിനെ പ്രതിനിധീകരിച്ച് ലോകബാങ്കുമായി ചർച്ചകൾ (Negotiations) നടത്തി ഉടമ്പടി അന്തിമമാക്കാനും പ്രോഗ്രാം കരാറിൽ സർക്കാരിന് വേണ്ടി ഒപ്പിടാനും ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്താമോ ?